**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 3** **23-01-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് സ്റ്റേഷനുകൾക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പുരസ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എം. എം. മണി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യവികസനത്തിൽ കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ; | (എ) | ഡിജിറ്റൽ സാങ്കേതികവിദ്യയുടെ കാലത്തിനനുസരിച്ച് ജനങ്ങൾക്ക് പരമാവധി സേവനങ്ങൾ നേരിട്ട് ലഭ്യമാക്കുന്നവിധം പോലീസ് സംവിധാനങ്ങളെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുപരിയായി സർക്കാർ നടപ്പിലാക്കിയത്.<br><br>വിവിധ ആവശ്യങ്ങൾക്കായി സ്റ്റേഷനിൽ നേരിട്ടെത്തുന്ന രീതിക്ക് മാറ്റം വരുത്തുക എന്നത് പ്രധാനമായിരുന്നു. പരാതികൾ ഓൺലൈനായി സ്വീകരിക്കുന്ന പ്രത്യേക പോർട്ടൽ 'THUNA', 'POL-APP' എന്നിവ ഇതിൽ പ്രധാനമാണ്.<br><br>ചെറിയ അപകടങ്ങൾ സംഭവിക്കുമ്പോൾ ആവശ്യമായി വരുന്ന 'ആക്സിഡന്റ് ജനറൽ ഡയറി എൻട്രി', FIRന്റെ പകർപ്പ്, ഉച്ചഭാഷിണികൾക്കുള്ള അനുമതി തുടങ്ങിയവ ഇപ്പോൾ ഓൺലൈനിൽ ലഭിക്കും.<br><br>പാസ്പോർട്ട് വെരിഫിക്കേഷന്റെ എല്ലാ നടപടിക്രമങ്ങളും പൂർണ്ണമായും ഓൺലൈനിലാണ് നിർവ്വഹിക്കുന്നത്. ഇതു വഴി കാലതാമസം വലിയതോതിൽ ഒഴിവാക്കാനാകും.<br><br>സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളേയും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി ഉയർത്തിയിട്ടുണ്ട്.<br><br>സ്റ്റേഷനുകളിൽ എത്തിച്ചേരുന്നവർക്ക് ഇരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം ഇവരെ സഹായിക്കുന്നതിന് ഒരു P.R.O യെ നിയോഗിച്ചിട്ടുണ്ട്. |

പരാതിക്കാർക്ക് ഇരിക്കുവാനായി സ്ഥലസൗകര്യവും കുടിവെള്ളവും ശുചിമുറി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

സ്റ്റേഷനുകളിൽ പരമ്പരാഗതമായ രീതിയിൽ റൈഫിൾ ഉപയോഗിച്ചുള്ള പാറാവ് ഡ്യൂട്ടി ഒഴിവാക്കി പിസ്റ്റൾ പോലുള്ള ആയുധങ്ങൾ യൂണിഫോമിനൊപ്പം ധരിക്കാവുന്ന രീതിയിലാക്കിയിട്ടുണ്ട്.

പൊതുജനങ്ങൾക്ക് ഭയരഹിതരായി കടന്നു ചെല്ലുന്നതിന് ഈ മാറ്റങ്ങൾ സഹായകരമാവും.

പരാതിക്കാർക്ക് സ്വദേശത്തും വിദേശത്തു നിന്നും പരാതികൾ സമർപ്പിക്കുന്നതിനും അവയിൽ സ്വീകരിച്ച നടപടികൾ അറിയുന്നതിനും ഒരു Online/Virtual Policing സംവിധാനം നിലവിലുണ്ട്.

എല്ലാ പരാതികളും കൃത്യതയോടെ രജിസ്റ്റർ ചെയ്യപ്പെടുന്നുവെന്നുള്ളതും ഇതിൽ പ്രധാനമാണ്. അന്വേഷണത്തിന്റെ ഭാഗമായി സാക്ഷികൾക്ക് ഓൺലൈനായി വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ മൊഴി രേഖപ്പെടുത്തുന്നതിനും കഴിയും.

എല്ലാ സ്റ്റേഷനുകളിലും CCTV ക്യാമറ റെക്കോഡിംഗ് സംവിധാനം ആരംഭിച്ചതുവഴി പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ കഴിഞ്ഞു.

സാമ്പത്തിക കുറ്റകൃത്യങ്ങളും സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്ന ഇക്കാലത്ത് കുറ്റവാളികളെ കണ്ടെത്തുക എന്നത് പോലീസിന് വലിയ വെല്ലുവിളിയാണ്. ഡിജിറ്റൽ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ Face Recognition System (i-COPS) ഏത് കുറ്റവാളികളെയും തിരിച്ചറിയുന്നതിന് സഹായകരമായ സംവിധാനമാണ്.

സാമ്പത്തിക ചതിക്കുഴികളിൽപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന 1930 എന്ന നമ്പർ പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്നു.

കേരള പോലീസിന്റെയും നോർക്കയുടെയും സോഷ്യൽ മീഡിയ അക്കൗണ്ടുകൾ വഴി സൈബർ ബോധവൽക്കരണ വീഡിയോകളും പോസ്റ്ററുകളും പ്രചരിപ്പിച്ചു വരുന്നു. കേരളാ പോലീസിന്റെ ഫെയ്സ്ബുക്ക് പേജിന് 1.9 മില്ല്യൺ ഫോളോവേഴ്സും ഇൻസ്റ്റഗ്രാമിൽ 1.3 മില്ല്യൺ ഫോളോവേഴ്സും ഉണ്ട്.

| | | | |
|---|---|---|---|
| | | | 33 പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ പുതിയതായി നിർമ്മിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.<br><br>മയക്കുമരുന്നിന്റെയും ലഹരിയുടെയും വ്യാപനം തടയുന്നതിനും കുറ്റവാളികളെ നിയമത്തിന്റെ മുന്നിലെത്തിക്കാനും വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് പോലീസ് സ്വീകരിക്കുന്നത്. അതോടൊപ്പം, സംസ്ഥാനത്തെ ഏത് കുട്ടികൾക്ക് കടന്നു വരാവുന്ന വിധം 148 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദമാക്കുകയും ചെയ്തിട്ടുണ്ട്. ഒപ്പം, അംഗപരിമിതർക്കുള്ള സൗകര്യങ്ങളും ഏർപ്പെടുത്തി വരുന്നു.<br><br>എല്ലാ സ്റ്റേഷനുകളിലും വനിതാ പോലീസ് ഉദ്യോഗസ്ഥർക്കായി പ്രത്യേക വിശ്രമമുറികൾ നിർമ്മിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്.<br><br>ഏതവസരത്തിലും പോലീസ് ജനങ്ങളുടെ ആവശ്യത്തിന് ഓടിയെത്തുക എന്നത് പ്രധാനമാണ്. ഇത് കണക്കിലെടുത്ത് സ്റ്റേഷനുകൾക്ക് മതിയായ വാഹനങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സമൂഹത്തിലെ മുതിർന്ന പൗരന്മാരുടെ സുരക്ഷ മുൻനിർത്തി വയോജനങ്ങൾക്കും കിടപ്പു രോഗികൾക്കും ഒറ്റക്കു താമസിക്കുന്നവർക്കും സഹായകരമായി ജനമൈത്രി ബീറ്റ് ഓഫീസർമാരും കമ്യൂണിറ്റി റിലേഷൻ ഓഫീസർമാരും പ്രവർത്തിക്കുന്നു.<br><br>സംസ്ഥാനത്ത് പുതിയതായി 70 സ്കൂളുകൾക്ക് എസ്.പി.സി അനുവദിച്ചിട്ടുണ്ട്.<br><br>കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള പ്രധാന തെളിവായ വിരലടയാളം എല്ലാ സ്റ്റേഷനുകളിലും ഡിജിറ്റലായി ലഭിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.<br><br>ചുരുക്കം ചില സ്റ്റേഷനുകൾ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവ സ്വന്തം കെട്ടിടങ്ങളിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ കാലയളവിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകൾക്കാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഏർപ്പെടുത്തിയ പുരസ്കാരങ്ങൾ ലഭിച്ചതെന്നും പ്രസ്തുത പുരസ്കാരങ്ങൾ ഏതെല്ലാമെന്നും അറിയിക്കുമോ; | (ബി) | 2021ൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം കേരളത്തിലെ മികച്ച പോലീസ് സ്റ്റേഷൻ ആയി പാലക്കാട് ഒറ്റപ്പാലം സ്റ്റേഷനെ തെരഞ്ഞെടുത്തിട്ടുണ്ട്.<br>2023 കാലയളവിൽ രാജ്യത്തെ മികച്ച ഒൻപതാമത്തെ പോലീസ് സ്റ്റേഷൻ ആയി കുറ്റിപ്പുറം സ്റ്റേഷനെ തെരഞ്ഞെടുത്തിട്ടുണ്ട്.<br>2024 കാലയളവിൽ രാജ്യത്തെ മികച്ച അഞ്ചാമത്തെ |

| | | | |
|---|---|---|---|
| | | | പോലീസ് സ്റ്റേഷനായി ആലത്തൂർ സ്റ്റേഷനെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പുരസ്കാരങ്ങൾക്കായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം പരിഗണിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | ആഭ്യന്തര മന്ത്രാലയത്തിന്റെ പോലീസ് നവീകരണ വിഭാഗമാണ് (BPR&D) രാജ്യത്തെ മികച്ച പോലീസ് സ്റ്റേഷനുകളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇത് സംബന്ധിച്ച് BPR&D പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ മികച്ച പോലീസ് സ്റ്റേഷനുകൾ തെരഞ്ഞെടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.<br><br>1) കുറ്റകൃത്യങ്ങൾ പ്രതിരോധിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ<br>2) കേസുകളുടെ അന്വേഷണത്തിലെ കാര്യക്ഷമത<br>3) കുറ്റകൃത്യങ്ങൾ കണ്ടെത്തൽ<br>4) പ്രാദേശിക സമൂഹവുമായുള്ള ഇടപഴകൽ<br>5) ക്രമസമാധാന പാലനം<br>മേൽ പറയുന്ന മാനദണ്ഡങ്ങൾക്ക് പുറമെ പ്രദേശവാസികൾ, വ്യാപാരികൾ, ബിസിനസ്സ് ഉടമസ്ഥർ തുടങ്ങി പോലീസിന്റെ സേവനങ്ങൾ ലഭിക്കുന്ന വ്യത്യസ്ത വിഭാഗം ആൾക്കാരിൽ നിന്നും പോലീസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ശേഖരിച്ച് മൂല്യനിർണയത്തിൽ ഉൾപ്പെടുത്തുന്നു. |
| (ഡി) | കൂടുതൽ പോലീസ് സ്റ്റേഷനുകളെ പ്രസ്തുത മന്ത്രാലയത്തിന്റെ അംഗീകാരത്തിന് പ്രാപ്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. കൂടുതൽ പോലീസ് സ്റ്റേഷനുകളെ മികവിലേക്ക് ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ